പുസ്തക പരിചയം

# പ്രവാസികളുടെ ഒന്നാം പുസ്തകം


വാസുദേവ് പുളിക്കൽ

ചെറുകഥാസാഹിത്യരംഗത്ത് പ്രശസ്തിയാർജ്ജിച്ച സാംസികൊടുമൺ നോവൽ സാഹിത്യരംഗത്ത് ശ്രദ്ധേയനാകാൻ പാകത്തിന് ശക്തിയും കലാമൂല്യവും കൊണ്ട് സമൃദ്ധമായ "പ്രവാസികളുടെ ഒന്നാം പുസ്തകം" എന്ന ആദ്യ നോവലുമായി നോവൽസാഹിത്യരംഗത്തേക്ക് പ്രവേശിച്ചിരിക്കുകയാണ്. അനുവാചകരുടെ മനസ്സിൽ ചലനങ്ങളുണ്ടാക്കി അവരുടെ ചിന്തയെ ഉദ്ദീപിപ്പിക്കാൻ പര്യാപ്തമായ എന്തെങ്കിലും സന്ദേശം നൽകാനില്ലെങ്കിൽ താൻ കഥകൾ എഴുതാറില്ല എന്ന സാംസിയുടെ നിലപാട് നോവൽ രചനയിലും അന്വർത്ഥമാക്കിയിരിക്കുന്നു. ''മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കു തന്നെ തിരികെ ചേരുക'' എന്ന ജീവിതത്തിലെ പരമസത്യമായ മരണത്തെ അനുസ്മരിപ്പിച്ചുകൊണ്ട് തുടങ്ങുന്ന നോവൽ അവസാനിക്കുന്നത് അവരവുരുടെ ഉള്ളിലിരിക്കുന്ന സ്വർഗ്ഗരാജ്യം അവരവർ നഷ്ടപ്പെടുത്തരുത് എന്ന താത്വികമായ സന്ദേശത്തോടെയാണ്. കുടിയേറ്റക്കാരുടെ ചരിത്രമുറങ്ങുന്ന അമേരിക്കയുടെ മണ്ണിൽ കാലുകുത്തിയ ഏതാനം മലയാളി കുടുംബശരീരങ്ങളെ മാതൃകയാക്കി ക്രിയാത്മകമായി മെനഞ്ഞെടുത്ത പ്രവാസികളുടെ കഥ സന്തോഷത്തിന്റേയും അഭിവൃദ്ധിയുടേയും മാത്രമല്ല, ദുരന്തത്തിന്റേയും അധഃപതനത്തിന്റെയും ദുഃഖത്തിന്റേയും കൂടിയാണ്. ഈ സ്വപ്നഭൂമിയിൽ സ്വപ്നങ്ങൾ സാക്ഷാത്ക്കരിച്ച് സമ്പന്നതയുടെ മടിയിലിരുന്ന് അമ്മാനമാടി സാമ്രാജ്യം സൃഷ്ടിച്ചവരുണ്ട്, സാമ്രാജ്യം തകർന്ന് വീണ് നിലം പതിച്ചവരുണ്ട്, പരാജയം മാത്രം മുഖാമുഖം കണ്ടവരുണ്ട്, വിശ്വാസത്തിന്റെ വൈജാത്യം മൂലം കുടുംബത്തിന്റെ തകർച്ചക്ക് സാക്ഷ്യം വഹിച്ചവരുണ്ട്. ജീവിതത്തിൽ സൗഭാഗ്യങ്ങളുണ്ടാകുമ്പോൾ അത് ദൈവാധീനമായി കണക്കാക്കും, ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ വിധിയെ പഴിക്കും. നോവലിന് പല നിർവ്വചനങ്ങളും നൽകിയിട്ടുണ്ടെങ്കിലും വായനക്കാരുടെ മനസ്സിൽ തട്ടത്തക്കവണ്ണം സത്യസന്ധമായി ജീവിതം ആവിഷ്ക്കരിലാണ് നോവൽ എന്ന നിലപാടാണ് നോവലിസ്റ്റ് സ്വീകരിച്ചിരിക്കുന്നത്. സ്വന്തം അനുഭവങ്ങളുടെ തിരശ്ശീല ഉയരുമ്പോൾ നോവലിസ്റ്റ് കണ്ണുകൊണ്ട് കാണ്ടറിഞ്ഞതും ഹൃദയംകൊണ്ട് തൊട്ടറിഞ്ഞതുമായ നഗ്നസത്യങ്ങൾ നോവലിൽ വ്യക്തമായി വിന്യസിക്കുന്നു. ഒരു ഇതിവൃത്തമെടുത്ത് അതിന് നാനാവശത്തേക്കും ചില്ലകൾ വളർത്തി ഒരു വടവൃക്ഷം പോലെ ഉയർത്തിക്കൊണ്ടു പോകുന്ന രചനാസമ്പ്രദായത്തിൽ നിന്ന് വിട്ടു മാറി പുതുമ നിറഞ്ഞ ആവിഷ്ക്കരണ രീതിയാണ് കാണുന്നത്. വിഭിന്ന പ്രവാസി കുടുംബങ്ങളുടെ തനതായ ജീവിത യാഥാർത്ഥ്യങ്ങളെ ശ്രദ്ധാപൂർവ്വം സമന്വയിപ്പിച്ച് നോവലിന്റെ ഇതിവൃത്തഘടനക്ക് ശക്തി നൽകിക്കൊണ്ട് സ്വീകരിച്ചിരിക്കുന്ന ആവിഷ്ക്കരണ രീതി തികച്ചും നൂതനമാണ്.




നാഗരിക ജീവിതത്തിന്റെ സങ്കീർണ്ണതകളിലും പാശ്ചാത്യ സംസ്കാരത്തിന്റെ പുറംപൂച്ചിലും പിന്നിട്ടു പോന്ന ലാളിത്വവും പവിത്രതയും നിറഞ്ഞ ഗ്രാമീണ ജീവിതം വിസ്മൃതമാകാതിരിക്കാൻ പാകത്തിന് അവതരിപ്പിച്ചിരിക്കുന്ന പ്രവാസികളുടെ ജീവിത പാശ്ചാത്തലം ശ്രദ്ധേയമാണ്. 'സ്വന്തം സ്വത്വത്തിന്റെ ഉയർച്ചയിൽ അഭിമാനിക്കുന്നവരാണ് മലയാളികൾ, തന്റെ സ്വത്വം വിദേശത്ത് വേണ്ടത്ര അംഗീകരിക്കപ്പെടാതിരിക്കുമ്പോൾ പ്രവാസി പലപ്പോഴും ഗൃഹാതുരത്വത്തിലേക്ക് കൂപ്പു കുത്തുന്നു, ഇവിടെയാണ് പ്രവാസജീവിതത്തിന്റെ കാണാപ്പുറങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന സാംസി കൊടുമണ്ണിന്റെ നോവൽ ശ്രദ്ധേയമാകുന്നത്' എന്ന് ആമുഖത്തിൽ ഡോ. ശശിധരൻ യുക്തിപൂർവ്വം അനുസന്ധാനം ചെയ്തിട്ടുണ്ട്.. ഏതു സാഹചര്യത്തിൽ ജീവിച്ചാലും സ്വന്തം സംസ്കാരത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്ന പ്രവാസികളിൽ പലരും യുവതലമുറയുടെ ജീവിതക്രമവും അവരുടെ സംസ്കാരത്തിൽ വരുന്ന മാറ്റവും കണ്ട്

അന്ധാളിച്ചു പോകുന്നു. തൻെറ സംസ്കാരമാണ് ഏറ്റവും മുന്തിയതും ഉത്തമമെന്നും ചിന്തിക്കുമ്പോൾ മറ്റു സംസ്കാരങ്ങളിലെ നന്മ കാണാൻ സാധിക്കാതെ പോകും. കുട്ടികൾ പാശ്ചാത്യ സംസ്കാരത്തെ കെട്ടിപ്പുണരാൻ ശ്രമിക്കുമ്പോൾ അസ്വസ്ഥരായി അവരെ 'അറേഞ്ചഡ് മാര്യാജിൻെറ' ശ്രംഗലയിൽ കൊർത്തിടാൻ തുനിയുമ്പോഴുണ്ടാകുന്ന ദുരന്തവും വിവാഹബന്ധങ്ങളുടെ തകർച്ചയും കണ്ടാലും മതാപിതാക്കൾക്ക് കൂറ് സ്വന്തം സംമ്പ്രദായത്തൊടു തന്നെ. ഏത് സംസ്കാരത്തിൽ വളർന്നാലും അവർ നല്ല പൗരന്മാരായി വളരണം എന്ന സന്ദേശം നോവലിസ്റ്റ് നൽകാൻ ശ്രമിക്കുന്നതായി തോന്നി.




മറ്റു വൻ നഗരങ്ങളിലെ പോലെ ന്യൂയോർക്കിലും സുന്ദരികൾ രാത്രി പകലാക്കുന്നതും മാനുഷികമൂല്യങ്ങൾ തകിടം മറിയുന്നതും സ്വാഭാവികതയോടെ ചിത്രീകരിച്ചിരിക്കുന്നു, പാറിക്കിടക്കുന്ന തലമുടിയും ഉറക്കച്ചടവിൽ താഴ്ന്ന കണ്ണുകളും ബ്ലൗസിൻെറ മേൽബട്ടൻ ഇടാതെ മാറിടത്തിൻെറ മാംസളത കാണിച്ചുകൊണ്ടും രാവിലെ തൻെറ ടാക്സിയിൽ വന്നു കയറുന്ന സുന്ദരിയെ കാണുമ്പോൾ ടാക്സി ഡ്രവറന്മാർക്ക് ഹൃദയത്തിൻെറ താളം തെറ്റുന്നുണ്ടാകും. ആ സുന്ദരിയുമായി രതിയുടെ അപൂർവ്വ നിമിഷങ്ങൾക്കായി ഹൃദയം ത്രസികുന്നുണ്ടാകാം. ഒരിക്കൽ ഒരു കറുത്ത സുന്ദരി രാത്രിയുടെ അന്ത്യയാമത്തിൽ ജോസിൻെറ ടാക്സിക്കടുത്തു വന്ന് അവളുടെ ശരീരത്തിന് വില പറഞ്ഞു. ജോസ് ഒഴിഞ്ഞു മാറി യെങ്കിലും ഇക്കൂട്ടരുടെ വശ്യതയുടെ വലയിൽ കുരുങ്ങിപ്പോകുന്നവരുടെ ജീവിതം താറുമാറാകുന്നതും പ്രവാസ ജീവിതത്തിൽ കാണാം. അവിഹിത ബന്ധത്തിന് അറസ്റ്റ് ചെയ്യപ്പെടുമ്പോൾ അത് സാത്താൻെറ പരീക്ഷണം എന്ന് പറഞ്ഞ് പാവം ഭാര്യയുടെ ദയ പിടിച്ചു പറ്റി രക്ഷപ്പെടുന്നവരെ നോവലിസ്റ്റിന് പരിചയമുണ്ടായിരിക്കാം.

.മനുഷ്യാ നീ മണ്ണാകുന്നു – ജോണിക്കുട്ടിയുടെ കുഴിമാടത്തിലേക്ക് എല്ലാവരും മണ്ണു വാരിയിട്ടു. ആ ആത്മാവ് നിത്യതയിൽ വിശ്രമിക്കട്ടെ. ഒൻപതാം വയസ്സിൽ മനസ്സിൽ പ്രതിഷ്ഠിച്ച ജോണിക്കുട്ടിയുടെ വിയോഗം ആലീസിന് വലിയ ആഘാതമായി. മരിച്ചാൽ സെമിത്തേരിയിൽ അടക്കും. പിന്നെ ആർക്കെങ്കിലും കൂട്ടിരിക്കാൻ സാധിക്കുമോ? ആലീസ് ഒറ്റപ്പെടലിൻെറ വേദനയിൽ കലങ്ങിയ കണ്ണുകളുമായി നിൽക്കുമ്പോൾ മകൾ ഹെലന് പോകാൻ തിടുക്കമായി. അപ്പൻ തന്നെ റേപ്പ് ചെയ്തു എന്ന് പറഞ്ഞ് അയാളെ പോലീസുകാരുടെ കയ്യിലേക്കിട്ടു കൊടുത്ത മകളിൽ നിന്ന് മറ്റൊന്നും പ്രതീക്ഷിക്കേണ്ടതില്ല. കുട്ടികളെ വളർത്തി വഷളാക്കിയ പ്രവാസികളുടെ കൂട്ടത്തിൽ ജോണിക്കുട്ടിയും ഉൾ പ്പെടുന്നു. മതാപിതാക്കളെ തിരസ്കരിക്കുന്ന ഒരു വിഭാഗം യുവതലമുറയുടെ പ്രവണത ഹെലൻ, സഹോദരൻ എബി, ഗോപൻ തുടങ്ങിയവരിലൂടെ വ്യക്തമായി വരച്ചു കാണിക്കുന്നു. മിക്ക രക്ഷകർത്താക്കൾക്കും അവരുടെ കുട്ടികളെ പറ്റി ദുഃഖത്തിൻെറ കഥ പറയാനുണ്ടാകും. മതാപിതാക്കൾ പിന്നിട്ടു പോന്ന ദുർഘടവഴികളും യാതനകളും കുട്ടികൾക്ക് അപരിചിതമാണ്, അതേ പറ്റി കേൾക്കാനോ അറിയാനോ അവർക്ക് താൽപര്യവുമില്ല. അവരുടെ ലോകത്തിൽ അവർ സൃഷ്ടിക്കുന്ന ബന്ധങ്ങൾക്കാണ് അവർക്ക് പ്രാധാന്യം. ജോണി നീ ദൈവത്തിൽ വിശ്വസിക്കൂ. അങ്ങ് അറിയാതെ നിൻെറ തലയിലെ ഒരു രോമം പോലും

പൊഴിയുകയില്ല എന്ന് മകളുടെ ക്രൂരതയിൽ ദുഃഖത്തിൽ ആണ്ടു പോയ ജോണിക്കുട്ടിയെ വൈദികൻ ആശ്വസിപ്പിക്കുമ്പോൾ ഒരു ചോദ്യം ബാക്കി. ദൈവം മകളുടെ രൂപത്തിൽ വന്ന് അപ്പൻ തന്നെ റേപ്പ് ചെയ്തു എന്ന് പറഞ്ഞതല്ലേ. യേശുവും ശിഷ്യന്മാരും നടന്നു പോകുമ്പോൾ വഴിയോരത്ത് ഒരു കണ്ണു പൊട്ടനെ കണ്ട്, ഇവൻെറ അന്ധതക്ക് കാരണം ദൈവമോ അതോ ഇവൻെറ മാതാപിതാക്കളോ എന്ന് ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു. ഇവൻെറ അന്ധതക്ക് കാരണം ഇവൻ തന്നെ എന്ന് മറുപടി. പ്രാരബ്ധങ്ങളുടേയും കടപ്പാടുകളുടേയും ഉത്തരവാദിത്വങ്ങളുടേയും നടുവിൽക്കിടന്ന് നട്ടം തിരിയുന്ന ഒന്നാം തലമുറയുടേയും മദ്യപാനവും മയക്കുമരുന്നുമായി ആത്മഹത്യ വരെ ചെയ്യുന്ന രണ്ടാം തലമുറയുടേയും ചിന്താഗതിയും ജീവിതക്രമവും ചിത്രീകരിക്കുമ്പോൾ അവരുടെ മൂല്യബോധത്തിൽ വരുന്ന വൈരുദ്ധ്യങ്ങൾ നോവലിസ്റ്റ് സമർത്ഥമായി എടുത്തു കാണിക്കുന്നു. സ്വന്തം മകൻെറ ആത്മഹത്യാവാർത്ത കേട്ട് ആത്മശാന്തി അനുഭവിക്കുന്ന പിതാവിൻെറ വിഭ്രാന്തിയും പിതാവ് തന്നെ റേപ്പ് ചെയ്തു എന്ന് മകൾ ആരോപിക്കുമ്പോൾ പിതാവിനുണ്ടാകുന്ന മാനസിക ആഘാതവും വ്യഥയും സ്നേഹത്തിൻെറ വിലയറിയാത്ത കുട്ടികളുടെ അപഥസഞ്ചാരം മൂലം അവർ നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന മാതാപിതാക്കളുടെ വിതുമ്പലും നോവലിസ്റ്റ് വരച്ചിടുമ്പോൾ തെളിഞ്ഞു വരുന്നത് പ്രവാസജീവിതത്തിലെ വ്യസനിപ്പിക്കുന്ന വൈകൃതങ്ങളാണ്.

ആലീസും ജോണിക്കുട്ടിയും ദാമ്പത്യ ജീവിതം ആരംഭിച്ചത് പ്രവാസിയായതിനു ശേഷമല്ല. ഒൻപതാം വയസ്സിൽ മനസ്സിൽ കുരുത്ത സ്നേഹം. ഒൻപതാം വയസ്സുകാരിയുടെ പാവാട പൊക്കി എല്ലാം കണ്ടേ എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു കൊണ്ട് ഓടിപ്പോയ ജോണിക്കുട്ടിയോട് ആലീസിന് തോന്നിയ വികാരം വെറുപ്പായിരുന്നില്ല. എന്താണ് അവൻ കണ്ടത് എന്ന് പലവട്ടം ചോദിച്ചിട്ടും ഉത്തരം ലഭിക്കാതിരുന്ന ചോദ്യം അവളുടെ മനസ്സിൽ മായാതെ കിടന്നു. വീട്ടിലെ പ്രാരബ്ദം ജോണിക്കുട്ടിയെ ഒരു പട്ടാളക്കാരനാക്കി. ഒരു നേഴ്സായിത്തീർന്ന ആലീസിനെ ജോണിക്കുട്ടി ഡെൽഹിയിൽ വെച്ച് വിവാഹം കഴിക്കുമ്പോൾ ആദ്യരാത്രി എവിടെ ചിലവഴിക്കും എന്നു പോലും ചിന്തിച്ചില്ല. 'ഓരോ മനുഷ്യനും അവന് വിധിക്കപ്പെട്ട പാതയിലൂടെയുള്ള യാത്രയിൽ എവിടേയോ വിരി വയ്ക്കുന്നു.' കൂട്ടുകാരൻ ബാബുക്കുട്ടി അയാളുടെ കിടപ്പു മുറി ജോണിക്കുട്ടിക്കും ആലീസിനുമായി ഒഴിഞ്ഞു കൊടുത്തു. കഷ്ടപ്പാടും ദുരിതവുമായി അവർ ജീവിതം തള്ളി നീക്കി. പ്രവാസ ജീവിതം ആരംഭിക്കുമ്പോൾ അവർക്ക് ഏറെ പ്രതീക്ഷകളുണ്ടായിരുന്നു. എന്നാൽ അവരുടെ സ്വപ്നം പൂവണിഞ്ഞില്ല. ജോണിക്കുട്ടി മരിക്കുമ്പോൾ ഏറെ കടം. ബന്ധുക്കൾക്കു വേണ്ടി ജീവിക്കുകയും പത്തുപേരെ ഇക്കര കടത്തുകയും ചെയ്തപ്പോൾ കടത്തിൽ മുങ്ങിപ്പോയ ജോണിക്കുട്ടിയോട് ആലീസിന് വെറുപ്പു തോന്നിയില്ല. ദുരന്തങ്ങളുടെ നടുവിലും സ്നേഹം മാത്രം. "വിയോഗവ്യഥ സഹിക്കുന്ന സ്നേഹത്തിൻെറ ആഴം നമ്മേ ആകുലപ്പെടുത്തുന്നു, ഒരു സാന്ത്വനത്തിനും കെടുത്താനാവാത്ത വിയോഗവ്യഥയുടെ ആളിക്കത്തൽ ഈ നോവലിന് ഒരു ദുരന്തബോധത്തിൻെറ കാവ്യാത്മകമായ ആത്മശോഭ നിർമ്മിക്കുന്നതു പോലെ തോന്നി" (പെരുമ്പടവം ശ്രീധരൻ).

പല പ്രവാസി കുടുംബങ്ങളുടേയും അഗാധമായി വേദനിപ്പിക്കുന്ന കഥകളുമായാണ് നോവൽ മുന്നോട്ട് പോകുന്നത്. പ്രവാസജീവിതത്തിൻെറ അകവും പുറവും തിങ്ങി നിൽക്കുന്ന യാഥാർത്ഥ്യങ്ങളുടെ സ്വാഭാവികമായ ആവിഷ്ക്കരണമായ ഈ നോവൽ വായിച്ചു പോകുമ്പോൾ എഴുത്തുകാരൻെറ സമൂഹത്തോടുള്ള കടപ്പാട് അനുവാചകർക്ക് ബോധ്യമാകുന്നു. 'രവിവർമ്മച്ചിത്രങ്ങളിലെ നാണം തുളുമ്പുന്ന കണ്ണുകളുള്ള സുന്ദരിയേയും കാളിദാസൻെറ ശകുന്തളയേയും' അനുസ്മരിച്ചു കൊണ്ട് ഉത്തമ സ്ത്രീകളുടെ പെരുമാറ്റച്ചട്ടത്തിൽ നിന്ന് ആധുനിക സ്ത്രീകൾ വഴുതിപ്പോകുന്നതിൽ ഖേദം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും സ്ത്രീത്വത്തിൻെറ മഹത്വവും സ്ത്രീശാക്തീകരണത്തിൻെറ അവശ്യകതയും മനസ്സിലാക്കുന്ന നോവലിസ്റ്റ് പുരുഷ മേധാവിത്വത്തെ ചോദ്യം ചെയ്തുകൊണ്ട് സമൂഹത്തിൽ ഒരു ഉൽബോധനത്തിൻെറ അനിവാര്യത ചൂണ്ടിക്കാണിക്കുന്നതു പോലെ തോന്നി.. സമൂഹത്തിൻെറ സ്പന്ദനങ്ങൾ തിരിച്ചറിയാത്ത എഴുത്തുകാരൻെറ സൃഷ്ടികൾക്ക് അസ്തിത്വമുണ്ടാവുകയില്ല. മനുഷ്യജീവിതത്തിൻെറ ആത്യന്തികമായ ലക്ഷ്യം കേവലമായ ദുഃഖനിവാരണമായിരിക്കെ, ദുഃഖത്തെ ഇല്ലാതാക്കാൻ എന്ത് ചെയ്യണമെന്ന് നോവൽ യുക്തിപൂർവ്വം വിചാരം ചെയ്യുന്നുണ്ട്. അല്ലലില്ലാത്ത ജീവിതത്തേക്കാൾ കല്ലായിത്തീരാനാണ് ആഗ്രഹമെന്ന കവി വചനമുണ്ടെങ്കിലും ജീവിതത്തിലെ ഗതിവിഗതികളിലൂടെ സഞ്ചരിക്കുമ്പോൾ ആകസ്മികമായും അപ്രതീക്ഷിതിമായും ഉണ്ടാകുന്ന ദുഃഖങ്ങളെ ഉൾക്കൊള്ളാനും ഏറ്റവും പ്രധാനപ്പെട്ടത് നഷ്ടമാകുമ്പോൾ അതിനെ പൂർണ്ണമായി ഉപേക്ഷിക്കാനുമുള്ള ആത്മജ്ഞാനത്തിൻെറ കരുത്തു നേടുന്നതിലൂടെ ശ്രേയസ്സുറ്റ ജീവിതസമാധാനം മമത്വബന്ധമില്ലാതെ വന്നു ചേരുമെന്ന് ഈ നോവൽ നമ്മേ യുക്തിപൂർവ്വം അനുസന്ധാനം ചെയ്യാൻ പ്രേരിപ്പിക്കുന്നുണ്ട്. പ്രതിപാദ്യത്തിലും ആവിഷ്ക്കരണത്തിൻെറ പുതുമയിലും 'പ്രവാസികളുടെ ഒന്നാം പുസ്തകം' എന്ന പേരിന് ഈ നോവൽ അർഹത നേടുന്നു. നോവലിസ്റ്റിന് അഭിനന്ദനങ്ങൾ.